**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 653** **28-01-2026 - ൽ മറുപടിയ്ക്ക്**

**മലപ്പുറം സ്പിന്നിംഗ് മിൽ തൊഴിലാളികളുടെ വേതനവർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം സ്പിന്നിംഗ് മില്ലിൽ തൊഴിലാളികളുമായി നിലവിലുണ്ടായിരുന്ന ദീർഘകാല വേതന കരാർ അവസാനിച്ച് ഒരു വർഷമായിട്ടും, ഓഫീസർ തസ്തികകളിൽ ഒന്നര വർഷമായി വേതനവർദ്ധനവ് നടത്തിയിട്ടും നാളിതുവരെ തൊഴിലാളികൾക്ക് വേതനം വർദ്ധിപ്പിച്ചു നൽകിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | തൊഴിലാളികളുടെ ശമ്പള വർദ്ധനവ് അഞ്ച് വർഷത്തിലധികമായി നടപ്പിലാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ പുതിയ ശമ്പള കരാർ നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്തെ ടെക്സ്റ്റൈൽസ് സ്പിന്നിംഗ് മില്ലുകളിലെ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥ സംബന്ധിച്ചുള്ള ദീർഘകാല കരാർ നിശ്ചയിക്കുന്നത് സംസ്ഥാന ലേബർ കമ്മീഷണർ ചെയർമാനായുള്ള ടെക്സ്റ്റൈൽസ് വ്യവസായ ബന്ധ സമിതി (IRC) യുടെ തീരുമാനം/ മാർഗ്ഗനിർദ്ദേശപ്രകാരമാണ്.<br><br>മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിൽ നിലവിലുള്ള ദീർഘകാല കരാറിന്റെ കാലാവധി 2025 ഫെബ്രുവരി മാസത്തിൽ അവസാനിച്ചു. തുടർന്ന് പുതിയ ശമ്പള കരാർ നടപ്പിലാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിലേയ്ക്കായി ടെക്സ്റ്റൈൽസ് വ്യവസായ ബന്ധ സമിതി മുമ്പാകെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഇത് പരിശോധിക്കുന്നതിലേയ്ക്ക് ഐ.ആർ.സി തല യോഗം ക്രമീകരിക്കുന്നതിനുള്ള നടപടികൾ ലേബർ കമ്മീഷണർ തലത്തിൽ സ്വീകരിച്ചു വരുന്നു. |
| (സി) | പുതിയ ശമ്പള കരാർ അന്തിമമാകുന്നതുവരെ തൊഴിലാളികൾക്ക് ഇടക്കാല ആശ്വാസമായി വേതന വർദ്ധനവ് അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | ദീർഘകാല കരാർ പുതുക്കുന്നത് സംബന്ധിച്ച് വ്യവസായ ബന്ധ സമിതി മുഖേന ചർച്ചകൾ നടക്കുന്ന സാഹചര്യത്തിൽ ഇടക്കാലാശ്വാസം നൽകുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ